REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിയ്ക്കും. കേരളം ബൂത്തിലെത്താൻ ഇനി പത്ത് ദിവസം.
- കോൺഗ്രസും സഖ്യകക്ഷികളും രാഷ്ട്രീയ നേട്ടത്തിനായി ഭരണഘടന ആയുധമാക്കാൻ ശ്രമിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- കേന്ദ്രത്തിലെ BJP ഗവണ്മെന്റ് യഥാർഥ പ്രശ്നങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടുകയാണെന്ന് കോൺഗ്രസ്സ് നേതാവ് രാഹുൽ ഗാന്ധി.
- ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് നയിക്കുന്ന മുന്നണിക്ക് കേരള ജനത കനത്ത ശിക്ഷ നൽകുമെന്ന് മുഖ്യ മന്ത്രി പിണറായി വിജയൻ.
- അന്തരിച്ച പ്രശസ്ത സംഗീത സംവിധായകനും ഗായകനുമായ K.G ജയന്റെ പൊതു ദർശനവും സംസ്കാരവും നാളെ കൊച്ചിയിൽ.
- IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും.

## വാർത്തകൾ വിശദമായി

**ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിയ്ക്കും. 17**

സംസ്ഥാനങ്ങളിലെയും ലക്ഷദ്വീപ് ഉൾപ്പെടെ നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിൽ വെള്ളിയാഴ്ചയാണ് വോട്ടെടുപ്പ്. തമിഴ്നാട്ടിലെ 39-ഉം, ലക്ഷദ്വീപ്, പുതുച്ചേരി എന്നിവിടങ്ങളിലെ ഓരോ മണ്ഡലവും ഇതിൽ പെടുന്നു.

ജൂൺ നാലിനാണ് വോട്ടെണ്ണൽ.

✪✪✪

രാജ്യത്തെ ഏറ്റവും ചെറിയ ലോകസഭാ മണ്ഡലമായ ലക്ഷദ്വീപിൽ അർഹരായ പരമാവധി വോട്ടർമാരെ ദ്വീപുകളിലെത്തിക്കുന്നതിന് മികച്ച കപ്പൽ ഗതാഗത ക്രമീകരണങ്ങൾ ഒരുക്കിയതായി തുറമുഖ വകുപ്പ് ഡയരക്ടർ ഡോ.ഗിരിശങ്കർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

വെള്ളിയാഴ്ചയാണ് ലക്ഷദ്വീപിൽ വോട്ടെടുപ്പ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളം ബൂത്തിലെത്താൻ ഇനി പത്ത് ദിവസം മാത്രം. തെരഞ്ഞെടുപ്പ് പ്രചാരണം പാരമ്യത്തിലെത്തിക്കാൻ മൂന്നു മുന്നണികളുടെയും ദേശീയ നേതാക്കൾ സംസ്ഥാനത്ത് സജീവമായുണ്ട്. റോഡ്ഷോകളും പൊതുയോഗങ്ങളും സംഘടിപ്പിച്ച് ദേശീയ-സംസ്ഥാന നേതാക്കൾ തെരഞ്ഞെടുപ്പ് ചൂട് വർധിപ്പിക്കുകയാണ്.

വോട്ടഭ്യർഥിച്ച് മണ്ഡലത്തിലെ പരാമാവധി സ്ഥലങ്ങളിൽ എത്തിച്ചേരുന്ന തിരക്കിലാണ് സ്ഥാനാർഥികളും പ്രവർത്തകരും.

കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും ജമ്മു കശ്മീരിലുമായി 89 മണ്ഡലങ്ങളിൽ ഈ മാസം 26നാണ് വോട്ടെടുപ്പ്.

✪✪✪

കോൺഗ്രസും സഖ്യകക്ഷികളും രാഷ്ട്രീയ നേട്ടത്തിനായി ഭരണഘടന ആയുധമാക്കാൻ ശ്രമിക്കുകയാണെന്ന് പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി കുറ്റപ്പെടുത്തി. ബിഹാറിലെ ഗയയിലെ ഗാന്ധി മൈതാനിയിൽ തെരഞ്ഞെടുപ്പ് പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബിജെപി ഭരണഘടന മാറ്റുമെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ പ്രതിപക്ഷ പാർട്ടികൾ തെറ്റായ കഥ സൃഷ്ടിക്കുകയാണെന്നും ഭരണഘടന മാറ്റാൻ ആർക്കും കഴിയില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

രാത്രിയാത്ര പ്രശ്നം, മെഡിക്കൽ കോളജ്, മനുഷ്യ -വന്യ ജീവി സംഘർഷ വിഷയങ്ങളിൽ വയനാടിന്റെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്ന് കോൺഗ്രസ്സ് നേതാവും UDF സ്ഥാനാർഥിയുമായ രാഹുൽ ഗാന്ധി പറഞ്ഞു. കോഴിക്കോട് ജില്ലയിലെ കൊടിയത്തൂരിൽ റോഡ് ഷോയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മെഡിക്കൽ കോളെജ് വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും രാഹുൽ അറിയിച്ചു.

കേന്ദ്രത്തിലെ BJP ഗവണ്മെന്റ് യഥാർഥ പ്രശ്നങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

കർഷക പ്രശ്നങ്ങൾ സംബന്ധിച്ചും തൊഴിലില്ലായ്മയെക്കുറിച്ചും കേന്ദ്രം ഒന്നും പറയുന്നില്ല. ഇലക്ട്രൽ ബോണ്ടിനെ അവർ ന്യായീകരിക്കുകയാണ്. തിരുവമ്പാടി, ഏറനാട്, വണ്ടൂർ, നിലമ്പൂർ മണ്ഡലങ്ങളിൽ രാഹുൽ ഗാന്ധി ഇന്ന് പര്യടനം നടത്തും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് നയിക്കുന്ന മുന്നണിക്ക് കേരള ജനത കനത്ത ശിക്ഷ നൽകുമെന്ന് മുഖ്യ മന്ത്രി പിണറായി വിജയൻ പറഞ്ഞു. സംഘ പരിവാറിന്റെ ജനവിരുദ്ധ രാഷ്ട്രീയത്തെ നഖശിഖാന്തം എതിർക്കുന്ന LDF വിജയിക്കണോ, BJP നയങ്ങളോട് ചേർന്ന് നിൽക്കുന്ന UDF ജയിക്കണോ എന്ന ചോദ്യമാണ് വോട്ടർമാർക്ക് മുന്നിലെന്നും അദ്ദേഹം തൃശൂരിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ ദിവസം പുറത്തുവന്ന ബിജെപിയുടെ പ്രകടന പത്രികയിൽ വർഗ്ഗീയ അജണ്ടയാണ് നിറഞ്ഞു നിൽക്കുന്നതെന്നും പിണറായി കുറ്റപ്പെടുത്തി. 10 വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിച്ച് ജനങ്ങളെ അഭിമുഖീകരിക്കാൻ ബിജെപിക്ക് ധൈര്യമില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

കഴിഞ്ഞ 10 വർഷം പുതിയ തൊഴിലവസരങ്ങൾ ഉണ്ടായിട്ടില്ലെന്നും തൊഴിലില്ലായ്മ കൂടിയെന്നും സി.ഐ.ടി യു. അഖിലേന്ത്യ ജനറൽ സെക്രട്ടറിയും CPIM പോളിറ്റ് ബ്യൂറോ അംഗവുമായ തപൻ സെൻ കോഴിക്കോട്ട് പറഞ്ഞു.

✪✪✪

ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ കൂടുതൽ ഊർജ്ജിതമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...

..........വോയ്സ്...........

✪✪✪

കോഴിക്കോട്ടെ UDF സ്ഥാനാർഥി M.K രാഘവന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് കർണാടക ഉപമുഖ്യമന്ത്രി D.K ശിവകുമാർ ഇന്നെത്തും. വൈകിട്ട് കൊടുവള്ളിയിലെ പൊതുസമ്മേളനം ശിവകുമാർ ഉദ്ഘാടനം ചെയ്യും. തുടർന്ന് റോഡ് ഷോയും ഉണ്ടായിരിക്കും.

LDF സ്ഥാനാർത്ഥി എളമരം കരീമിന്റെ പ്രചാരണത്തിന് എത്തിയ CITU അഖിലേന്ത്യാ ജനറൽ സെക്രട്ടറി തപൻസെൻ വൈകിട്ട് LDF കൺവൻഷനിൽ സംബന്ധിക്കും. വൃന്ദാകാരാട്ട് വൈകിട്ട് ചാത്തമംഗലത്തും പിന്നീട് കുറ്റിച്ചിറയിലും പൊതുസമ്മേളനങ്ങളിൽ സംസാരിക്കും.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നതിനായി മലപ്പുറം ജില്ലയിലെ 16 നിയോജക മണ്ഡലങ്ങളിലേക്കായി അനുവദിച്ച വോട്ടിങ് യന്ത്രങ്ങളുടെ രണ്ടാംഘട്ട റാൻഡമൈസേഷൻ ഇന്ന്. ബാലറ്റ് യൂണിറ്റുകൾ, കൺട്രോൾ യൂണിറ്റുകൾ, വിവിപാറ്റ് എന്നിവ ഓരോ പോളിങ് ബൂത്തിലേക്കും സോഫ്റ്റ് വെയർ വഴി അനുവദിക്കുന്ന പ്രക്രിയയാണ് രണ്ടാം ഘട്ട റാൻഡമൈസേഷൻ.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന് മലപ്പുറം ജില്ലയിൽ ഓക്സിലറി പോളിങ് സ്റ്റേഷനുകളടക്കം 2,798 പോളിങ് സ്റ്റേഷനുകളാണ് സജ്ജമാക്കുന്നത്. ഒരു പോളിങ് സ്റ്റേഷനിൽ പരമാവധി 1,575 വോട്ടർമാർക്ക് വോട്ട് ചെയ്യാൻ സൗകര്യമൊരുക്കും. ഇതിൽ കൂടുതൽ പേരുള്ളിടത്താണ് ഓക്സിലറി പോളിങ് സ്റ്റേഷനുകൾ സജ്ജീകരിക്കുക. 2,775 പോളിങ് സ്റ്റേഷനുകളും 23 ഓക്സിലറി പോളിങ് സ്റ്റേഷനുകളാണ് ജില്ലയിൽ ഉണ്ടാവുക.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് കഴിയും വരെ ദൂർദർശനിൽ ദി കേരള സ്റ്റോറി പ്രദർശിപ്പിക്കുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം സ്വദേശി K.G സൂരജ് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. കഴിഞ്ഞ വർഷം മെയ് മാസം റിലീസ് ചെയ്ത ചിത്രത്തിന്റ പ്രദർശനം തടയാൻ കഴിയില്ല എന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാടും, ദൂരദർശനിൽ

സിനിമ പ്രദർശനം പൂർത്തിയാക്കിയ സാഹചര്യവും പരിഗണിച്ച് ആണ് ഹർജി തള്ളിയത്.

✪✪✪

കൊല്ലം പൂരത്തിൽ കുടമാറ്റത്തിന് താമര രൂപമുള്ള കുടകൾ ഉപയോഗിക്കുന്നതായ വിവരം ലഭിച്ചതിനെത്തുടർന്ന് തെരഞ്ഞെടുപ്പ് നിരീക്ഷകൻ അരവിന്ദ്പാൽ സിങ്ങ് സന്ധു പൂരപ്പറമ്പിലെത്തി പരിശോധന നടത്തി. താമരമാത്രമായല്ല, ലക്ഷ്മി ദേവിയുടെ രൂപത്തോടുകൂടിയ കുടയാണെന്ന് പൂരം ഭാരവാഹികൾ വ്യക്തമാക്കി.

✪✪✪

തൃശൂർ ജില്ലയിൽ ഭിന്നശേഷിക്കാർ, 85 നു മുകളിൽ പ്രായക്കാരായ മുതിർന്ന പൗരന്മാർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന ആബ്സന്റീ വോട്ടർമാരിൽ 1,084 പേർ ഹോം വോട്ടിങ് സംവിധാനത്തിലൂടെ ഇന്നലെ വോട്ട് രേഖപെടുത്തി.

✪✪✪

അന്തരിച്ച പ്രശസ്ത സംഗീത സംവിധായകനും ഗായകനുമായ K.G ജയന്റെ പൊതു ദർശനവും സംസ്കാരവും നാളെ കൊച്ചിയിൽ നടക്കും. ഭൗതിക ദേഹം സ്വകാര്യ ആശുപത്രിയിലെ മോർച്ചറിയിലേക്ക് മാറ്റി. തൃപ്പൂണിത്തുറയിലെ വീട്ടിൽ പുലർച്ചെയായിരുന്നു 90 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

..... (VOICE) ....

ഗാനാസ്വാദകരുടെ മനതലങ്ങളെ ഭക്തിസാന്ദ്രമാക്കിയ ആലാപനങ്ങളിലൂടെ സംഗീത ലോകം കീഴടക്കിയ ഗായകനെയാണ് K.G ജയന്റെ വിയോഗത്തോടെ മലയാളത്തിന് നഷ്ടമാകുന്നത്. ഇരട്ട സഹോദരൻ K.G വിജയനേയും ചേർത്ത്  സംഗീതാസ്വാദകർ സ്നേഹപൂർവം ജയവിജയന്മാരെന്ന് വിളിച്ച ആ സഹോദരങ്ങളുടെ കൂട്ടുകെട്ടിൽ പിറന്നത് ഒരുപിടി അനശ്വര ഗാനങ്ങൾ. ശബരിമല നട തുറക്കുമ്പോൾ കേൾക്കുന്ന ശ്രീകോവിൽ നട തുറന്നു മുതൽ  രാധതൻ പ്രേമത്തോടാണോ കൃഷ്ണാ തുടങ്ങി നിരവധി അയ്യപ്പ ഭക്തി ഗാനങ്ങൾ ആ പ്രതിഭയെ ഭക്തരുടെ മനസ്സോട് ചേർത്തുവെച്ചു.

1934 നവംബർ 21-ന് കോട്ടയത്തെ വീട്ടിൽ ജനനം. 6–ാം വയസ്സിൽ സംഗീത പഠനം തുടങ്ങി. 10 –ാം വയസ്സിൽ കുമാരനല്ലൂർ ദേവീ ക്ഷേത്രത്തിൽ അരങ്ങേറ്റം. പിന്നീടങ്ങോട്ട് ആറ് പതിറ്റാണ്ട് കാലം കെ ജി ജയൻ സംഗീത സാന്ദ്രമാക്കുകയായിരുന്നു.

1989-ൽ സഹോദരൻ കെജി വിജയൻ വിടവാങ്ങിയതോടെ സംഗീതലോകത്ത് തനിച്ചായെങ്കിലും കെ.ജി വിജയൻ തന്റെ യാത്ര തുടർന്നു. ഭക്തിഗാനങ്ങൾക്ക് പുറമെ മലയാളത്തിലും തമിഴിലുമായി നിരവധി ചലച്ചിത്രങ്ങളിലും അദ്ദേഹം പാടി.

2019-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ച ആ സംഗീത പ്രതിഭയുടെ വിയോഗത്തോടെ ഗാനശാഖയിൽ ഒരു യുഗാന്ത്യം കൂടി സംഭവിക്കുകയാണ്.

പ്രശസ്ത സംഗീതജ്ഞൻ K.G ജയന്റെ നിര്യാണത്തിൽ പ്രതിപക്ഷ നേതാവ് V.D സതീശൻ അനുശോചിച്ചു. കർണാടക സംഗീതത്തെ ഭക്തിഗാനങ്ങളിലൂടെ ജനകീയമാക്കിയ സംഗീതജ്ഞനായിരുന്നു K.G.ജയനെന്ന് അദ്ദേഹം അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. കൊൽക്കത്തയിൽ രാത്രി 7.30നാണ് മൽസരം.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻറെ മകളുമായി ബന്ധപ്പെട്ട മാസപ്പടി കേസിൽ CMRL കമ്പനിയുടെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ സുരേഷ് കുമാർ, സീനിയർ മാനേജർ ചന്ദ്രശേഖരൻ, സിസ്റ്റംസ് മാനേജർ അഞ്ജു എന്നിവരുടെ ചോദ്യം ചെയ്യൽ പൂർത്തിയായി. ഇന്നലെ ഉച്ചയോടെ കൊച്ചി ഇഡി ഓഫീസിൽ ആരംഭിച്ച ചോദ്യം ചെയ്യൽ ഇന്നും തുടരുകയായിരുന്നു.

അതിനിടെ CMRL മാനേജിംഗ് ഡയറക്ടർ ശശിധരൻ കർത്തയ്ക്ക് ഇന്ന് വീണ്ടും ഹാജരാകാൻ ആവശ്യപ്പെട്ട് ഇ ഡി സമൻസ് അയച്ചു. ഇന്നലെ ഹാജരാകാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കാത്ത സാഹചര്യത്തിലാണ് നടപടി.

✪✪✪

സുഗന്ധഗിരി വനംകൊള്ളയിൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു.

ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായത് ഗുരുതരമായ വീഴ്ചയാണെന്നും അദ്ദേഹം പറഞ്ഞു. 20 മരങ്ങൾ മുറിക്കാൻ നൽകിയ അനുമതിയുടെ മറവിൽ കോടികളുടെ മരങ്ങളാണ് മുറിച്ചതെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് സ്വർണവില 54,000 കടന്നു. പവന് ഇന്ന് 720 രൂപ വർധിച്ച് 54,360 രൂപയിലെത്തി. ഗ്രാമിന് 90 രൂപ കൂടി 6,795 രൂപയിലാണ് വ്യാപാരം നടക്കുന്നത്.

✪✪✪

കണ്ണൂർ ആറളം ഫാമിനുള്ളിലെ തെങ്ങിൻ തൈകൾ കാട്ടാന നശിപ്പിച്ചു. ഫാമിലെ തൊഴിലാളികളുടെ വിശ്രമമുറിയും തകർത്തു. ഫാമിനുള്ളിലേക്ക് പുതു വഴിയിലൂടെയാണ് കാട്ടാന കയറുന്നത്.

✪✪✪